പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.1147 12.07.2016 ൽ മറുപടിയ്ക്ക്

# പഞ്ചായത്തുകളിൽ നെറ്റ് കണക്ടിവിറ്റി ലഭിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. കെ. ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ് കണക്ടിവിറ്റി ലഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്; വിശദമാക്കാമോ; | എ) ഗ്രാമപഞ്ചായത്തുകളിൽ OFC കണക്ടിവിറ്റി ലഭ്യമാക്കുവാൻ വേണ്ടി കേന്ദ്ര സർക്കാർ 2011 – ൽ NOFN പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരളത്തിൽ NOFN വഴി 977 ഗ്രാമ പഞ്ചായത്തുകളിലും 152 ബ്ലോക്ക് പഞ്ചായത്തുകളിലും OFC കണക്ടിവിറ്റി പൂർത്തിയായിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) കേന്ദ്രസർക്കാരിന്റെ NOFN പദ്ധതിയിലൂടെ ഗ്രാമീണ പ്രദേശങ്ങൾ നേരിടുന്ന നെറ്റ് വർക്ക് കണക്ടിവിറ്റി അപര്യാപ്തത പരിഹരിക്കാനാകും. ഇതു വഴി സർക്കാരിന്റെ ഇ-ഗവേണൻസ് പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാനും സാധിക്കും. |
| സി) ഇതു കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്? | സി) NOFN പദ്ധതിക്കുവേണ്ടി OFC ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുവാൻ വേണ്ടി സർക്കാർ ROW (Right of Way) അനുമതി നൽകിയിട്ടുണ്ട്. NOFN പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുവാൻ വിവിധ സർക്കാർ വകുപ്പുകളുടെ യോഗം വിളിക്കുകയും വേണ്ട |

ഏകോപനം നടത്തുകയും ചെയ്തിട്ടുണ്ട്. NOFN ഉപയോഗപ്പെടുത്തുന്നതിനു വേണ്ടി പഞ്ചായത്തുകളിൽ ഹൈ സ്പീഡ് ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷൻ (IKM) വഴി നടപ്പിലാക്കി വരുന്നു. ഇതിലേക്കായി അതാതു പഞ്ചായത്തുകൾ FTTH കണക്റ്റിവിറ്റി ബി.എസ്.എൻ.എൽ. വഴി ലഭ്യ മാക്കിയും വരുന്നു. NOFN പദ്ധതി നടപ്പിലാക്കുന്നതിലേക്കായി എല്ലാ ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങളിലും 50 സ്ക്വയർഫീറ്റ് സ്ഥലവും 200w പവറും ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും BBNL അധികൃതർക്ക് സൗജന്യ മായി ലഭ്യമാക്കാൻ എല്ലാ സെക്രട്ടറി മാർക്കും സർക്കാർ നിർദ്ദേശം നൽകിയതു പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഈ പദ്ധതി ക്കാവശ്യമുള്ള ഉപകരണങ്ങൾ BBNL സ്ഥാപിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തു കളിലും കണക്റ്റിവിറ്റി എടുക്കുന്നത് സംബന്ധിച്ച നിർദ്ദേശവും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ